മാധ്യമം

# ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ്

**വളാഞ്ചേരി:** ഒമ്പതാമത് ജില്ല സീനിയർ ത്രോബാൾ ചാമ്പ്യൻഷിപ് നവംബർ 19ന് കാലിക്കറ്റ് യൂനിവേഴ്സിറ്റി ജി.എം.എച്ച്.എസ്.എസ് ഗ്രൗണ്ടിൽ നടക്കും. www.throwballkerala.com എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഓപൺ സെലക്ഷൻ ഉണ്ടാകില്ല.ഡിസംബർ ഒന്നുമുതൽ മൂന്നുവരെ ചാലക്കുടിയിൽ നടക്കുന്ന സംസ്ഥാന സീനിയർ ചാമ്പ്യൻഷിപ്പിനുള്ള ജില്ല ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്ന് തിരഞ്ഞെടുക്കും. ഫോൺ: 8590806050.

# ത്രോബോൾ 19ന്

കോട്ടയ്ക്കൽ● സീനിയർ ത്രോബോൾ ചാംപ്യൻഷിപ് 19ന് യുണിവേഴ്സിറ്റി ജിഎംഎച്ച്എസ്എസ് മൈതാനിയിൽ നടക്കും. www.throwballkerala.com എന്ന സൈറ്റിൽ റജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. 8590806050

# പരപ്പനങ്ങാടി എസ്എൻഎം സ്പോർട്സ് അക്കാദമിക്ക് കിരീടം

തേഞ്ഞിപ്പലം ● റവന്യൂ ജില്ലാ സീനിയർ ത്രോ ബോളിൽ പുരുഷ വിഭാഗത്തിൽ പരപ്പനങ്ങാടി എസ്എൻഎം സ്പോർട്സ് അക്കാദമിക്ക് കിരീടം. വനിതാ വിഭാഗത്തിൽ വാളക്കുളം കെഎച്ച്എം എച്ച്എസ്എസ് സ്പോർട്സ് അക്കാദമി ജേതാക്കളായി. പുരുഷ വിഭാഗത്തിൽ വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമി രണ്ടും മാർത്തോമാ സ്പോർട്സ് അക്കാദമി മൂന്നും സ്ഥാനങ്ങൾ നേടി. വനിതകളിൽ പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷനൽ സ്കൂൾ രണ്ടും പെരിന്തൽമണ്ണ യാക്കാ സ്പോർട്സ് മൂന്നും സ്ഥാനങ്ങൾ നേടി. വൈശാഖ്, അവിന വിനോദ് (കെഎച്ച്എം അക്കാദമി) എന്നിവരെ മികച്ച കളിക്കാരായി തിരഞ്ഞെടുത്തു. യൂണിവേഴ്സിറ്റി ക്യാംപസ് ഗവ. മോഡൽ ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ജില്ലാ സ്പോർട്സ് കൗൺസിൽ നിരീക്ഷകൻ പി. ഹൃഷികേശ് കുമാർ മത്സരം ഉദ്ഘാടനം ചെയ്തു. കെ.വി. മൃദുല ട്രോഫി നൽകി. ടി. ബദറുദ്ധീൻ അലി, മുഹമ്മദ് ഷരീഫ്, ഡോ. ഷമീം പറശേരി, ജാബിർ, അരുൺ, റീന, ജോസഫ്, പി. വിപിൻ, നജീബ് എന്നിവർ പ്രസംഗിച്ചു.

സിറാജ്

# സീനിയർ ത്രോബോൾ: വാളക്കുളവും പരപ്പനങ്ങാടിയും ചാമ്പ്യന്മാർ





1) മെൻസ് വിഭാഗം ചാമ്പ്യന്മാരായ എസ് എൻ എം സ്പോർട്സ് അക്കാദമി പരപ്പനങ്ങാടി, 2) വുമൺ ചാമ്പ്യൻഷിപ്പ് ജേതാക്കളായ കെ എച്ച് എം എച്ച് എസ് എസ് സ്പോർട്സ് അക്കാദമി വാളക്കുളം

**തിരൂരങ്ങാടി |** യൂനിവേഴ്സിറ്റി ജി എം എച് എസ് എസ് സ്കൂളിൽ നടന്ന ഒമ്പതാമത് മലപ്പുറം ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ പരപ്പനങ്ങാടി എസ് എൻ എം സ്പോർട്സ് അക്കാദമിയും വനിതാ വിഭാഗത്തിൽ വാളക്കുളം കെ എച്ച് എം എച്ച് എസ് എസ് സ്പോർട്സ് അക്കാദമിയും ചാമ്പ്യന്മാരായി. പുരുഷന്മാരിൽ വാളക്കുളം കെ എച്ച് എം എച്ച് എസ് എസ് സ്പോർട്സ് അക്കാദമിയും മാർത്തോമാ സ്പോർട്സ് അക്കാദമിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

വനിതകളിൽ പെരിന്തൽമണ്ണ സിൽവർ മൗണ്ട് ഇന്റർനാഷനൽ സ്കൂളും യാക്കാ സ്പോർട്സ് പെരിന്തൽമണ്ണയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരനായി കെ എച്ച് എം എച്ച് എസ് എസ് സ്പോർട്സ് അക്കാദമിയിലെ വൈശാഖിനെയും അവിനാ വിനോദിനെയും തിരഞ്ഞെടുത്തു.

ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സെർവർ പി ഹൃഷികേശ്കുമാർ നിർവഹിച്ചു, സമാപന സമ്മേളനത്തിൽ യൂനിവേഴ്സിറ്റി ജി എം എച്ച് എസ് എസ് സ്കൂൾ പ്രധാനധ്യാപിക കെ വി മൃദുല സമ്മാനദാനം നിർവഹിച്ചു. ജില്ലാ അസ്സോസിയേഷൻ ജോയിൻ സെക്രട്ടറി ടി ബദറുദ്ദീൻ അലി സ്വാഗതം പറഞ്ഞു. സീനിയർ ദേശീയ താരം മുഹമ്മദ് ശരീഫ്, അസ്സോസിയേഷൻ സെക്രട്ടറി ഡോ ശമീം പറശ്ശേരി, ജാബിർ, അരുൺ, റീന ജോസഫ്, വിബിൻ പി, നജീബ് സംസാരിച്ചു. അടുത്തമാസം ആദ്യവാരം ചാലക്കുടിയിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യഷിപ്പിനുള്ള മലപ്പുറം ജില്ലാ ടീം ക്യാമ്പിലേക്കുള്ള കളിക്കാരെ തിരഞ്ഞെടുക്കുകയും ചെയ്തു.